**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4068** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ കേരളാ മിഷന്റെ സോഫ്റ്റ് വെയറിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഐ.കെ.എം. തയ്യാറാക്കിയ സോഫ്റ്റ് വെയറിലെ പ്രശ്നങ്ങളും പോരായ്മകളും അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഐ.കെ.എം. ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | ഐ,കെ,എം സോഫ്റ്റ് വെയറുകളുടെ തകരാറുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി സംവിധാനങ്ങൾ നിലവിലുണ്ട്. പരാതികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറക്ക് പരിഹരിച്ച് നൽകുന്നുമുണ്ട്.ഐ.കെ.എം തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയറുകളുടെ പട്ടിക ചുവടെ ചേർക്കുന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് സോഫ്റ്റ്‌വെയറുകൾ. 1.സിറ്റിസൺ സർവീസ് പോർട്ടൽ 2. ഐ എൽ ജി എം എസ് 3. സാംഖ്യ അക്കൌണ്ടിംഗ് 4. സചിത്ര അസെറ്റ് 5. സകർമ്മ മീറ്റിംഗ് മാനേജ്മെൻറ് 6. സംവേദിത വെബ് സൈറ്റുകൾ 7. സഞ്ചയ റെവന്യൂ ആൻറ് ലൈസൻസ് 8. സഞ്ചിത നിയമങ്ങളും ചട്ടങ്ങളും 9. സങ്കേതം ബിൽഡിംഗ് പെർമിറ്റ് 10. സേവന സിവിൽ രജിസ്ട്രേഷൻ 11. സേവന പെൻഷൻ 12. സൂചിക 13. സ്ഥാപന എസ്റ്റാബ്ലിഷ്മെൻറ് ആൻറ് പേ റോൾ 14.സുലേഖ പദ്ധതി രൂപീകരണവും മോണിറ്ററിംഗും. 15.ഗ്രാമസഭപോർട്ടൽ 16.നഗര കൈമാറ്റം മറ്റ്സോഫ്റ്റ് വെയറുകൾ 1.സി.എം.എൽ.ആർ.ആർ.പി 2.ലൈഫ്.എം.എ◌ൈ.എസ് 3.ഇ-ടിക്കറ്റിംഗ് 4.നിലാവ് 5.വൈകല്യ സെൻസസ് 6.ശുചിത്വ ജാഗ്രത പോർട്ടൽ 7.സഹായ എസ്.എം.എസ് |
| (ബി) | സഞ്ചയ സോഫ്റ്റ് വെയറിലെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഐ.കെ.എം. ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നകാര്യം ഗൗരവമായി പരിശോധിക്കുമോ; പ്രോപ്പർട്ടി ടാക്സ് അടച്ച വ്യക്തിയുടെ കൈയ്യിൽ രസീത് ഇല്ലെങ്കിൽ വീണ്ടും അടയ്ക്കേണ്ട സാഹചര്യം എന്താണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (ബി) | ഐ.കെ.എം. സോഫ്റ്റ് വെയറുകളുടെ തകരാറുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി പരാതി പരിഹാര സംവിധാനം നിലവിലുണ്ട്. പരാതികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറക്ക് പരിഹരിച്ച് നൽകുന്നുമുണ്ട്. ഓൺലൈനായി ഇപേയ്മെൻറ് മുഖേനയോ, തദ്ദേശഭരണ സ്ഥാപനത്തിലെ ഫ്രണ്ട് ഓഫീസ് മുഖേനയോ അടവാക്കപ്പെടുന്ന നികുതികൾ തത്സമയം തന്നെ സോഫ്റ്റ് വെയറിൽ വരവ് വെക്കപ്പെടുന്നതും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള |

| | | | |
|---|---|---|---|
| | | | ലോഗിനിൽ ഈ വിവരങ്ങൾ ലഭ്യമാകുന്നതുമാണ്.ഔട്ട്ഡോർ/ക്യാമ്പ് കളക്ഷൻ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് മാന്വലായി സ്വീകരിക്കുന്ന നികുതികൾ സോഫ്റ്റ് വെയറിൽ യഥാവിധി അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത രേഖപ്പെടുത്തലുകൾ തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്. മാനുവലായി സ്വീകരിക്കുന്ന നികുതി വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട ജീവനക്കാർ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യാതിരുന്നാൽ നികുതി അടച്ച വിവരം സോഫ്റ്റ് വെയറിൽ കാണാനാവില്ല. ഇത് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന പക്ഷം ഈ സാഹചര്യം ഒഴിവാകുന്നതാണ്. |
| (സി) | പോസ്റ്റിംഗ് കൃത്യമായി നടക്കാത്തതുകാരണം പ്രൊഫഷണൽ ടാക്സ് അടച്ച സ്ഥാപനങ്ങളും തൊഴിലാളികളും വീണ്ടും ടാക്സ് അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നഗരസഭകൾ തൊഴിൽ നികുതി നിലവിൽ നേരിട്ടാണ് സ്വീകരിച്ചുവരുന്നത്. ആയതിനാൽ തൊഴിൽ നികുതി പോസ്റ്റിംഗ് നടത്തേണ്ട സാഹചര്യം ഇല്ല. പരാതികൾ ഉണ്ടാകുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. നഗരസഭകളിൽ തൊഴിൽ നികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | തിരുവന്തപുരം നഗരസഭയിൽ പ്രൊഫഷണൽ ടാക്സ്, പ്രോപ്പർട്ടി ടാക്സ് സോഫ്റ്റ് വെയർ തയ്യാറാക്കി പത്ത് വർഷം കഴിഞ്ഞിട്ടും ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രൊഫഷണൽ ടാക്സിന്റെ പോസ്റ്റിംഗും സ്ഥാപനങ്ങളുടെ ഡാറ്റാ എൻട്രിയും ഇതുവരെയും നടത്തിയിട്ടില്ലെന്ന വിഷയം സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | (ഡി) | നഗരസഭകളിൽ പ്രൊഫഷണൽ ടാക്സ് സ്വീകരിക്കുന്നതിനായി ഐ.ഐ.ഐ. ടി.എം.-കെ എന്ന സ്ഥാപനം മുഖാന്തിരം സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു. നിലവിൽ പെൻഡിംഗ് ആയ പ്രോപ്പർട്ടി ടാക്സ് പോസ്റ്റിംഗുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | അപ്ഡേഷനിലെ തകരാർ കാരണം അധികം വരുന്ന തുകയുടെ കാര്യത്തിൽ സർക്കാർ സമഗ്രമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന തകരാർ പരിഹരിക്കുന്ന മുറയ്ക്ക്/ പോസ്റ്റിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ